മി. സ്പീക്കർ: അടുത്ത നടപടിക്രമങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയെ അറിയിക്കുവാൻ ഉദ്ദേശിക്കുകയാണ്. രാജ്യത്തിന്റെ അതിർത്തിയിൽ ഇന്ത്യൻ സൈന്യം രൂക്ഷമായ ആക്രമണത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. ത്യാഗനിർഭരവും രക്തരൂക്ഷിതവുമായ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന സൈനിക സമൂഹത്തെ ഈ സഭയുടെ വികാരവും അഭിനന്ദനവും അറിയിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രമേയം അവതരിപ്പിക്കുന്നതാണ്.

## നയതന്ത്ര വിജയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്ത്യ-പാകിസ്ഥാൻ അതിർത്തിക്കപ്പുറത്തുനിന്നുള്ള ഭീകരാക്രമണങ്ങളെ ചെറുക്കാൻ ഇന്ത്യൻ സൈന്യം കഴിഞ്ഞ ദിവസം കൈക്കൊണ്ട നടപടികൾക്ക് ഈ നിയമസഭ സർവ്വവിധ പിന്തുണയും പ്രഖ്യാപിക്കുന്നു. നാടിനേയും ജനങ്ങളേയും സംരക്ഷിക്കാൻ കൈക്കൊണ്ട നടപടികൾ മുൻനിർത്തി ഈ സഭ ഇന്ത്യൻ സൈന്യത്തെ അഭിനന്ദിക്കുന്നു. സംഘർഷാന്തരീക്ഷം കൂടുതൽ രൂക്ഷമാകുന്നത് ഒഴിവാക്കുംവിധം നയതന്ത്രതലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള പ്രശ്നപരിഹാര ശ്രമങ്ങൾ

മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. പഠാൻകോട്ടും ഉറിയിലുമുണ്ടായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രതാപൂർവ്വമായ നിലപാട് കൈക്കൊള്ളുമ്പോൾതന്നെ പ്രശ്നപരിഹാര ശ്രമങ്ങൾക്കായുള്ള നയതന്ത്ര നീക്കങ്ങൾ തുടരുകയും ചെയ്യേണ്ടതുണ്ടെന്ന് ഈ സഭ ഒന്നടങ്കം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

## നയതന്ത്ര വിജയം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രാജ്യസുരക്ഷയ്ക്ക് ഭീഷണിയായ ഭീകരവാദത്തിനെതിരെ ഇന്ത്യ നൽകിയ മറുപടി തികച്ചും അഭിനന്ദനീയമാണ്. Pakistan is exporting terrorism to India for a long time. ഇന്ത്യയിൽ നിരന്തരമായി ഭീകര പ്രവർത്തനങ്ങൾ നടത്തിവരുന്ന പാകിസ്ഥാനുള്ള ശക്തമായ നടപടിയാണ് ഇന്ത്യൻ സൈന്യം ഇന്നലെ നൽകിയത്. I salute the brave Indian Army for their excellent performance. അതിസാഹസികവും അതിവിദഗ്ദ്ധവുമായ ഒരു ഓപ്പറേഷനാണ് ഇന്ത്യൻ സൈന്യം നടത്തിയത്. ഇന്ത്യൻ സൈന്യത്തിന് ഒരു പരിക്കുപോലും ഉണ്ടാകാത്തതരത്തിലുള്ള ഓപ്പറേഷൻ നടത്തിയ സൈന്യത്തെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. തുടർച്ചയായി പാകിസ്ഥാൻ ഇന്ത്യയ്ക്കുനേരെ നടത്തിയ ഭീകരാക്രമണങ്ങൾ ഇന്ത്യയുടെ മനസ്സാക്ഷിയെ വേദനിപ്പിച്ചിരുന്നു. ഇന്ത്യ കാട്ടിയ ആത്മസംയമനം ഇന്ത്യയുടെ

ബലഹീനതയായിട്ടാണ് പാകിസ്ഥാൻ കണക്കാക്കിയത്. അതല്ലായെന്ന് തെളിയിച്ചുകൊണ്ട് രാജ്യത്തിന് അഭിമാനവും ശക്തിയും തെളിയിക്കുന്ന നടപടിയാണ് ഇന്നലെ ഉണ്ടായത്. പുതിയ അക്രമങ്ങൾക്ക് കോപ്പുകൂട്ടിക്കൊണ്ടിരിക്കുന്നത് മുൻകൂട്ടി കണ്ടുകൊണ്ട് ഭീകര താവളങ്ങളിലേക്ക് ഇന്ത്യ നടത്തിയ മുൻകൂട്ടിയുള്ള ചെറുത്തുനിൽപ്പായിരുന്നു ഇന്നലെ നടന്നത്. ഈ സൈനിക നടപടിയുടെ ഉത്തരവാദിത്തം പൂർണ്ണമായും പാകിസ്ഥാന് തന്നെയാണുള്ളത്. പഞ്ചാബിലെ പഠാൻകോട്ടും കാശ്മീരിലെ ഉറിയിലും നടന്ന ഭീകരാക്രമണത്തിൽ എത്രയോ ധീരദേശാഭിമാനികളായ സൈനികരെയാണ് നമുക്ക് നഷ്ടപ്പെട്ടത്. ഭീകര ക്യാമ്പുകൾ അടച്ചുപൂട്ടാനുള്ള പാകിസ്ഥാൻ നടപടി ഇനിയെങ്കിലും വൈകിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. സാർക്ക് ഉച്ചകോടി തന്നെ അപകടത്തിലായിരിക്കുന്നു. ഇന്ത്യയുടെ നിലപാടിനെ അംഗീകരിച്ചുകൊണ്ട് ഭൂട്ടാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾ സാർക്ക് ഉച്ചകോടിയിൽനിന്ന് വിട്ടുനിൽക്കുമെന്ന് പറയുന്നു. പാകിസ്ഥാനിലാണ് മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നത്. Pak occupied Kashmir, Balochistan, Gilgit-Baltistan എന്നീ സ്ഥലങ്ങളിൽ നടക്കുന്ന കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ലോക മനസ്സാക്ഷി ഉണർന്നുവന്നിട്ടുണ്ട്. ബഹുമാന്യനായ

മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ലോകനയതന്ത്ര രംഗത്ത് പാകിസ്ഥാൻ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭീകരതയ്ക്കെതിരെയുള്ള സഹായം ഗൗരവതരമായി ഇന്ത്യ കാണുന്നുവെന്ന സന്ദേശം പാകിസ്ഥാന് നൽകിയ ഇന്ത്യൻ ആർമിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് സഭാനേതാവ് പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

## നയതന്ത്ര വിജയം

ശ്രീ. ഒ. രാജഗോപാൽ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇന്ത്യാ ഗവൺമെന്റും നമ്മുടെ ധീരജവാന്മാരും കൈക്കൊണ്ട നിലപാട് പൂർണ്ണമായും ജനങ്ങളുടെ പിന്തുണ അർഹിക്കുന്നതാണ്. അവരെ അനുമോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എല്ലാവർക്കും നന്ദി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയതായി അറിയിക്കുന്നു.